ലൈക്
പേജ്

സലീംനൂർ അജ്മാൻ

salimnoor@gmail.com

**വർഷം തോറും ലക്ഷങ്ങൾ പൊടിച്ച് പ്രവാസി ദിവസ് നടത്തി പോന്നിട്ട് പ്രവാസികളുടെ ഏത് പ്രശ്നമാണ് പരിഹരിച്ചിട്ടുള്ളത്? നിരവധി പ്രഖ്യാപനങ്ങൾ നടത്തി തടി തപ്പലല്ലാതെ മന്ത്രിപ്പട നടത്തിയ ഏതെങ്കിലും ക്ഷേമ പ്രവർത്തനം ഉയർത്തിക്കാട്ടാൻ ഇവർക്കാകുമോ?**

# പ്രവാസികൾക്കെന്നും കഞ്ഞി കുമ്പിളിൽ തന്നെ

സമീപ രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ ജനാധിപത്യം വിജയകരമായ ആറര പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. പതിനാറാം ലോക്സഭാ തെരഞ്ഞെടുപ്പിലൂടെ പുതിയൊരു സർക്കാർ നിലവിൽ വരാൻ പോകുന്നു. കൊട്ടിഘോഷിക്കപ്പെടുന്ന ഈ ജനാധിപത്യത്തിൽ പങ്കാളികളാകാൻ പക്ഷേ വിദേശ ഇന്ത്യക്കാർക്ക് ഇനിയും കാത്തുനിൽക്കേണ്ടിവരികയാണ്. ലോകത്തെ നിരവധി രാജ്യങ്ങൾ തങ്ങളുടെ പൗരന്മാർക്ക് അവർ താമസിക്കുന്ന രാജ്യത്തിരുന്ന് തങ്ങളുടെ ഭരണാധികാരികളെ തെരഞ്ഞെടുക്കാനുള്ള സംവിധാനമൊരുക്കുന്നുണ്ട്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ആണിക്കല്ലായി പ്രവർത്തിക്കുന്ന ഇന്ത്യൻ പ്രവാസികളോട് അധികാരിവർഗത്തിന്റെ മനോഭാവം ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. സമസ്ത മേഖലകളിലും പ്രവാസികൾക്ക് ഇതേ ദുര്യോഗമാണ് നേരിടേണ്ടിവരുന്നത്. യാത്രാ നിരക്കിന്റെ കാര്യമായാലും നിതാഖാത്ത് പോലുള്ള വിഷയമായാലും, എന്തിനേറെ പ്രവാസ ലോകത്ത് മരിച്ചുവീഴുന്നവരുടെ കാര്യത്തിൽ പോലും നമ്മുടെ അധികാരികൾ ഇന്നുവരെ ചിറ്റമ്മ നയമാണ് പുലർത്തി പ്പോന്നിട്ടുള്ളത്. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ടർ പട്ടികയിൽ പേരുചേർക്കാൻ ചെന്നപ്പോൾ നാട്ടിലെത്തിയിട്ട് ആറുമാസം തികഞ്ഞിട്ടില്ല എന്ന മുട്ടുന്യായം പറഞ്ഞു മാറ്റി നിർത്തപ്പെട്ടത് ഈയുള്ളവന്റെ നേരനുഭവമാണ്. ആധുനിക സാങ്കേതികവിദ്യ അതിശീഘ്രം വളർന്നിട്ടും പ്രവാസി ഇന്ത്യക്കാരന് ഇപ്പോഴും വോട്ട് ബാലി കേറാമല തന്നെയെന്നത് ഇന്ത്യൻ ജനാധിപത്യത്തിനു തീരാകളങ്കമാണ് .



പ്രവാസി ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു വകുപ്പും മലയാളം സംസാരിക്കുന്ന ഒരു മന്ത്രിയും നിലനിന്നിരുന്ന ഒരു രാജ്യത്തെ മലയാളികൾ അടക്കമുള്ള പൗരന്മാർ വിദേശത്തെ തൊഴിലിടങ്ങളിൽ നിരവധി പ്രശ്നങ്ങളാണ് നേരിടേണ്ടിവരുന്നത്. നിതാഖാത്ത് പോലുള്ള വിഷയങ്ങളെ മറ്റൊരു രാജ്യത്തിന്റെ പരമാധികാരത്തിലുള്ള കൈകടത്തലാകും എന്നു പറഞ്ഞു മാറി നിന്നവരാണ് നമ്മുടെ അധികാരികൾ. എന്നാൽ, വിദേശത്ത് എത്ര ഇന്ത്യക്കാർ പണിയെടുക്കുന്നു എന്ന കണക്കുപോലും നമ്മുടെ അധികാരികളുടെ പക്കലില്ല എന്നത് ഏറെ കൗതുകകരം തന്നെ. നമ്മുടെ അധികാരികളുടെ മനോഭാവത്തിന്റെ പ്രതിഫലനമാണ് നിതാഖാത്ത് പോലുള്ള വിഷയങ്ങളിലെ ദുരന്തങ്ങളുടെ ഹേതു. തങ്ങളുടെ രാജ്യത്തെ പൗരന്മാരുടെ സ്ഥിതിവിവര കണക്കുകളെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഇത്തരം സംഭവങ്ങളിൽ ഇത്രയേറെ പ്രവാസികൾ ബലിയാടാകില്ലായിരുന്നു. പ്രവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കേണ്ട എംബസി ഉദ്യോഗസ്ഥർ അടിമകളെ പോലെയാണ് പലപ്പോഴും സാധാരണ തൊഴിലാളികളോട് പെരുമാറുന്നത്.

ആഴ്ചകൾ തോറും സ്വീകരണങ്ങൾ ഏറ്റുവാങ്ങാൻ പാഞ്ഞെത്തുന്ന നേതാക്കൾ വാഗ്ദാനങ്ങൾ മാത്രം നൽകി പ്രവാസികളെ വീണ്ടും കുരങ്ങു കളിപ്പിക്കുന്നു.

വർഷം തോറും ലക്ഷങ്ങൾ പൊടിച്ച് പ്രവാസി ദിവസ് നടത്തി പോന്നിട്ട് പ്രവാസികളുടെ ഏത് പ്രശ്നമാണ് പരിഹരിച്ചിട്ടുള്ളത്? നിരവധി പ്രഖ്യാപനങ്ങൾ നടത്തി തടി തപ്പലല്ലാതെ മന്ത്രിപ്പട നടത്തിയ ഏതെങ്കിലും ക്ഷേമ പ്രവർത്തനം ഉയർത്തിക്കാട്ടാൻ ഇവർക്കാകുമോ? തൊഴിലിടങ്ങളിൽ പ്രവാസികൾ നേരിടേണ്ടിവരുന്ന നിത്യാനുഭവങ്ങളെ ഇവരുടെ കാതുകളും കണ്ണുകളും തമസ്കരിക്കുന്നു.

പ്രവാസി സമൂഹം നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും കൊണ്ട് ഓട്ട അടച്ചിട്ട് കാര്യമില്ല. പ്രവാസ ലോകത്തെ അടിസ്ഥാന വിഭാഗങ്ങളെ കൂടി വിശ്വാസത്തിലെടുത്തു കൊണ്ടുള്ള പ്രശ്ന പരിഹാരത്തിനാണ് പുതിയ ഭരണകൂടം ശ്രമിക്കേണ്ടത്. അതാണ് പ്രവാസികളും പ്രതീക്ഷിക്കുന്നത്. പതിനാറാം ലോക്സഭ നിലവിൽ വരുന്നതോടു കൂടി ഒരു പുതിയ സർക്കാരാണ് അധികാരമേൽക്കുന്നത്. മാറിയ സാഹചര്യത്തിൽ കാര്യങ്ങൾ എത്രത്തോളം ഫലവത്താകും എന്നു കണ്ടറിയേണ്ടത് തന്നെയാണ്. ഇനിയും പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ ഇറക്കാനാണ് ഭാവമെങ്കിൽ പ്രവാസിക്ക് കഞ്ഞി കുമ്പിളിൽ തന്നെയായിരിക്കും. ■